**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** — **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകൾക്ക് നൽകിവരുന്ന ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സബ് ജില്ല, ജില്ല, സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകളുടെ നടത്തിപ്പിന് സംസ്ഥാന വിഹിതമായി നൽകി വരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സബ് ജില്ല, ജില്ല, സംസ്ഥാന കലോത്സവങ്ങളുടെ നടത്തിപ്പിനായി എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക അനുവദിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം 6.7 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. സ്കൂൾ തല മത്സരങ്ങളുടെ നടത്തിപ്പിനായി തുക അനുവദിക്കാറില്ല. ഈ അദ്ധ്യയന വർഷം പദ്ധതി വിഹിതമായ 2202-02-109-61 (പ്ലാൻ) (Assistance to Directorate of Public Instruction) എന്ന ശീർഷകത്തിൽ 3,50,00,000/- രൂപയും (മൂന്നു കോടി അൻപത് ലക്ഷം മാത്രം) 2202-02-109-70 (പ്ലാൻ) (Encouragement for Excellence in Sports) എന്ന ശീർഷകത്തിൽ 5,00,00,000/- രൂപയും (അഞ്ചു കോടി രൂപ മാത്രം) മേളകളുടെ നടത്തിപ്പിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്. എല്ലാ വർഷവും ശാസ്ത്രമേളയുടെ നടത്തിപ്പിനായി സർക്കാർ ബഡ്ജറ്റിൽ തുക അനുവദിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾതല മത്സരത്തിന് പ്രത്യേകമായി ഫണ്ട് നൽകുന്നില്ല. |
| (ബി) | പ്രസ്തുത തുക അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന കലോത്സവത്തിന് 6.7 കോടി രൂപയായി തുക വർദ്ധിപ്പിച്ചത് 2022-23 വർഷമാണ്. കഴിഞ്ഞ വർഷം 6.5 കോടിയായിരുന്നു. 2012-13 അദ്ധ്യയന വർഷത്തെ സ്പോർട്സ് 1/39904/2012/ ഡി.പി.ഐ തീയതി 25.06.2013 നമ്പർ സർക്കുലർ പ്രകാരമാണ് നിലവിൽ ശേഖരിച്ചിട്ടുള്ള അത്‌ലറ്റിക് ഫണ്ട് വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നതിന് 2017-18 വർഷം 1.5 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. എന്നാൽ ആയതിൽ 25 ലക്ഷത്തിന്റെ കുറവ് വരുത്തി 1.25 കോടി രൂപയാണ് 2022-23 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | അവസാനമായി കലോത്സവം നടന്ന 2019-20 വർഷത്തിൽ കലോത്സവങ്ങൾ നടത്തുന്നതിന് 2202-02-109-70 (പ്ലാൻ) എന്ന ശീർഷകത്തിൽ 6.5 കോടി രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി തുക അപര്യാപ്തമായതിനാൽ 2022-23 വർഷത്തിൽ തുക 6.7 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ